LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലിക അദ്ധ്യാപകരുടെ ശമ്പളം

40 (2523) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി എ.ഇ.ഒ. ഓഫീസിന്കീഴിലെ എയ്ഡഡ് സ്കൂളിൽ ജോലി ചെയ്യുന്ന താൽക്കാലിക (ദിവസവേതനം) അദ്ധ്യാപകർക്ക് 2013 അദ്ധ്യയന വർഷം മുതൽ വേതനം ലഭിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ ;

(ബി) പൊന്നാനി എ.ഇ.ഒ. ഓഫീസിന്കീഴിൽ എത്ര അദ്ധ്യാപകരാണ് താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നത് എന്നറിയിക്കാമോ ;

(സി) അവർക്ക് ഏതു തീയതിമുതൽ വേതന കുടിശ്ശികയുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) ഇവർക്ക് അടിയന്തരമായി വേതനം നൽകുന്നതിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) അവധി ഒഴിവിലെ നിയമനം അദ്ധ്യാപക ബാങ്കിൽനിന്ന് മാത്രമേ നടത്താനാവൂ എന്ന ഉത്തരവ് നിലവിലുണ്ടായിരുന്നു. പ്രസ്തുത ഉത്തരവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട പുതിയ ഉത്തരവുകൾ ഒന്നുംതന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിലവിൽ 3 അദ്ധ്യാപകർ (2 എൽ.പി.എസ്.എ., 1 ജൂനിയർ അറബിക്) ആണ് ദിവസവേതനത്തിൽ ജോലി ചെയ്യുന്നത്.

(സി) നിയമനാംഗീകാരം ലഭിച്ച ഒരാൾക്കും വേതന കുടിശ്ശിക ഇല്ല.

(ഡി) നിയമനാംഗീകാരം ലഭിക്കുന്നമുറയ്ക്ക് വേതനം നൽകാവുന്നതാണ്.

വഞ്ചിപ്പാട്ട് മത്സര രീതി

41 (2525) ശ്രീ. സി.കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ, യൂണിവേഴ്സിറ്റി കലോൽസവങ്ങളിലെ മത്സര ഇനമായ വഞ്ചിപ്പാട്ടിൽ ആറന്മുളരീതി, കുട്ടനാടൻരീതി, വച്ചുപാട് രീതി എന്നിവ ഒറ്റമത്സരമായി സംഘടിപ്പിക്കുന്നതിനാൽ മത്സരത്തിന്റെ വീറുംവാശിയും നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട്